കമ്മീഷണർ ഇറക്കിയ പ്രോസ്പെക്ടസിൽ വരുന്ന ഏക പൊതുമേഖലാ സ്ഥാപനമായ കൊച്ചിൻ സഹകരണ മെഡിക്കൽ കോളേജിനെ മാത്രം ഒഴിവാക്കിക്കൊണ്ട് മറ്റ് ആറ് സ്വകാര്യ മെഡിക്കൽ കോളേജുകളിലും പ്രവേശനം നൽകാൻ അനുമതി നൽകിയിരിക്കുകയാണ്. കൊച്ചിൻ സഹകരണ മെഡിക്കൽ കോളേജിനുകൂടി പ്രവേശനാനുമതി നൽകുവാൻ പ്രവേശന കമ്മീഷണർക്ക് നിർദ്ദേശം നൽകണമെന്നഭ്യർത്ഥിക്കുന്നു.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. നാലകത്ത് സൂപ്പി): സർ, പ്രോസ്പെക്ടസിലുള്ള ലിസ്റ്റിൽ പേരില്ല എന്നുള്ള കാരണത്താൽ അംഗീകാരം ലഭിക്കുന്ന ഒരു കോളേജിലും പ്രവേശനം തടഞ്ഞുവയ്ക്കുന്നില്ല. പ്രവേശനം നടക്കുമ്പോൾ ഐ.എം.സി.-യുടെ അംഗീകാരം വേണമെന്നേ പറഞ്ഞിട്ടുള്ളൂ.

(3) കാസർഗോഡ് ജില്ലയിലെ മറാഠി വിഭാഗത്തിന് ഭവന നിർമ്മാണ പദ്ധതികൾക്ക് അനുവദിച്ച തുക ലഭ്യമാക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. കെ. വി. കുഞ്ഞിരാമൻ: സർ, പട്ടികജാതി-പട്ടികവർഗ്ഗ സംവരണ ലിസ്റ്റിൽ കേന്ദ്ര ഗവൺമെന്റ് മാറ്റം വരുത്തിയതിനെത്തുടർന്ന് കേരളത്തിൽ കാസർഗോഡ് ജില്ലയിൽ മാത്രമുള്ള മറാഠി വിഭാഗത്തിൽപ്പെട്ട ആളുകൾ വല്ലാതെ ദുരിതമനുഭവിക്കുകയാണ്. ദരിദ്രരായ ഈ ജനവിഭാഗത്തിന് വീട് നിർമ്മിക്കുന്നതിനുവേണ്ടി കഴിഞ്ഞ തവണ സഹായം കൊടുത്തിരുന്നു. ഉള്ള വീട് പൊളിച്ചു കളഞ്ഞ്, തറയൊക്കെ കെട്ടി, സാങ്കേതികത്വത്തിന്റെ പേരിൽ ആ വീട് പണി പൂർത്തിയാക്കാൻ കഴിയാത്ത സ്ഥിതിയിലാണ്. അതുപോലെതന്നെ മാവിലൻ സമുദായത്തിൽപ്പെട്ട ആളുകൾക്കും ഈ പ്രശ്നമുണ്ട്. ഇത് പരിഹരിക്കാൻ ആവശ്യമായ അടിയന്തിര സംവിധാനം ഉണ്ടാക്കണം.

പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി (ഡോ. എം. എ. കുട്ടപ്പൻ): സർ, പട്ടിക വർഗ്ഗത്തിൽപ്പെട്ട മറാഠി സമുദായങ്ങളെ സംവരണ ലിസ്റ്റിൽ നിന്ന് പുറത്താക്കിയതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന ഗവൺമെന്റ് അവരെ ഒ.ഇ.സി. ലിസ്റ്റിൽപ്പെടുത്തിയിട്ടുണ്ട്. പട്ടികവർഗ്ഗക്കാരെന്ന നിലയിൽ അവർക്ക് ഭവന നിർമ്മാണ ഫണ്ട് അനുവദിച്ചിരുന്നു. പക്ഷേ ഒ.ഇ.സി. ആയപ്പോൾ പട്ടികവർഗ്ഗമല്ലാത്തതിന്റെ പേരിൽ ഗ്രാന്റ് കൊടുക്കാൻ നിയമപരമായ തടസ്സമുണ്ട്. എന്നിരുന്നാൽപോലും ഈ കാര്യം പ്രത്യേകമായി പരിശോധിച്ച് പരിഹാരമുണ്ടാക്കാൻ സർക്കാർ ശ്രമിക്കുന്നതാണ്. ഇത് സർക്കാരിന്റെ പരിഗണനയിലാണ്. മാവിലൻ കമ്മ്യൂണിറ്റി പട്ടികജാതിയിലായിരുന്നു. ഇപ്പോൾ പട്ടിക വർഗ്ഗമാണ്. അവർക്കും ഇതേ പ്രശ്നമുണ്ട്. അക്കാര്യം പരിശോധിച്ച് ഉചിതമായ പരിഹാരം ഉണ്ടാക്കുന്നതാണ്.

(4) മലപ്പുറം ജില്ലയിലെ സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രിയുടേയും ജില്ലാശുപത്രിയുടേയും കെട്ടിടങ്ങളുടെ പണി പൂർത്തീകരിക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. ഇസ്ഹാക് കുരിക്കൾ: സർ, മലപ്പുറം ജില്ലയിലെ സാധുക്കളായവരുടെ ഏക ആശ്രയമാണ് ജില്ലാശുപത്രി. 1994-ൽ സംസ്ഥാനത്തെ നാലു ജില്ലകളിൽ സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രികൾക്ക് അനുമതി നൽകുകയുണ്ടായി. നിർഭാഗ്യമെന്നു പറയട്ടെ

LIBRARY ARCHIVES Kerala Legislative Assembly

മറ്റ് മൂന്ന് ജില്ലകളിലും സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രികളുടെ പ്രവൃത്തി പൂർത്തീകരിച്ച് പ്രവർത്തനം തുടങ്ങി. മലപ്പുറം ജില്ലയിലെ ആശുപത്രിയിൽ യാതൊരു സൗകര്യവുമില്ല. ഡോക്ടർമാരുടെ ഒഴിവുകൾ ധാരാളമാണ്. കാഷ്വാലിറ്റിയിൽപ്പോലും ഇപ്പോൾ ഡോക്ടർമാർ ഇല്ല. ഇക്കാര്യം ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. സൈക്യാട്രിസ്റ്റ് ഇല്ല, ഓപ്പറേഷൻ ചെയ്യാൻ സർജൻ ഇല്ല. പാവങ്ങളുടെ അഭയ കേന്ദ്രവും ആശാകേന്ദ്രവുമാണ് ജില്ലാശുപത്രി; പണക്കാർക്ക് പ്രൈവറ്റ് ആശുപത്രിയും മറ്റ് ആശുപത്രികളും ഉണ്ട്. പാവങ്ങളുടെ ആശാകേന്ദ്രമായ ഈ ആശുപത്രിയെ സംരക്ഷിക്കാൻ ദയവായി ആശ്വാസവചനങ്ങളും മന്ത്രിമാരുടെ ഗിരിപ്രഭാഷണങ്ങളുമല്ല ഇവിടെ പ്രതീക്ഷിക്കുന്നത്, ക്രിയാത്മകമായ നടപടികളാണ്. അവിടെ ഒഴിഞ്ഞുകിടക്കുന്ന തസ്തികകൾ നികത്തുവാനും സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രി തുടങ്ങാനും സത്വര നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ആരോഗ്യ വകുപ്പുമന്ത്രി (ശ്രീ. പി. ശങ്കരൻ): സർ, ബഹുമാന്യനായ ഇസ്ഹാക് കുരിക്കളുടെ പ്രയാസം ഞാൻ മനസ്സിലാക്കുന്നു. ഈ ആശുപത്രിയുടെ പ്രവൃത്തി ആരംഭിക്കുന്നതിനായി 29-11-2001-ൽ 435 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. അതുമാത്രമല്ല ജില്ലാശുപത്രി മെച്ചപ്പെടുത്തുന്നതിനുവേണ്ടി മലപ്പുറം ജില്ലാ പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ പൊതുജന പങ്കാളിത്തത്തോടുകൂടി ഏതാണ്ട് 17.5 കോടി രൂപ പിരിക്കാമെന്ന് പറഞ്ഞിട്ടുണ്ട്. അതിന്റെ പകുതിയോളം പിരിച്ചു കഴിഞ്ഞുവെന്നാണ് മനസ്സിലാക്കുന്നത്. അഞ്ചുനില കെട്ടിടത്തിന്റെ പണിയാണ് പൂർത്തിയാക്കാനുള്ളത്. എന്തായാലും ഗവൺമെന്റിന്റെ പരിപൂർണ്ണമായ സഹകരണമുണ്ടാകും. അത് മാത്രമല്ല, ആവശ്യമായ ഡോക്ടർമാരേയും പാരാമെഡിക്കൽ സ്റ്റാഫിനേയും നിയമിച്ച് പ്രശ്നം കഴിയുന്നത്ര വേഗം പരിഹരിക്കുമെന്ന് ഉറപ്പുതരികയാണ്.

(5) തോട്ടം മേഖലയിലെ പ്രതിസന്ധി

ശ്രീ. പി. എസ്. സുപാൽ: സർ, സംസ്ഥാനത്തെ തോട്ടം മേഖല ഗുരുതരമായ പ്രതിസന്ധിയിലാണ്. ശമ്പള കരാറിന്റെ കാലാവധി അവസാനിച്ചിട്ട് രണ്ടു വർഷം കഴിയുകയാണ്. കരാർ പുതുക്കാൻ ആവശ്യമായ നടപടികൾ ഉണ്ടായിട്ടില്ല. തോട്ടം തൊഴിലാളികളുടെ വെട്ടിക്കുറച്ച ഡി.എ. ഇതുവരെ പുനഃസ്ഥാപിച്ചിട്ടില്ല. അടഞ്ഞുകിടക്കുന്ന തോട്ടങ്ങൾ ഏറ്റെടുക്കുന്നതിന് ഹൈക്കോടതിയുടെ നിർദ്ദേശമുണ്ടായിട്ടും അതിൽ യാതൊരു നടപടിയും ഉണ്ടായിട്ടില്ല. മാനേജ്മെന്റ് ഈ മേഖലയിൽ കരാർ ലംഘനം നടത്തിക്കൊണ്ടിരിക്കുകയാണ്. വ്യാപകമായ പ്രതിസന്ധി ഈ മേഖലയിൽ സംജാതമായിട്ടുണ്ട്. തോട്ടം മേഖലയിൽ നിലനിൽക്കുന്ന ഈ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സംയുക്ത ട്രേഡ് യൂണിയന്റെ നേതൃത്വത്തിൽ സെക്രട്ടേറിയറ്റിന് മുന്നിൽ ഇന്ന് സമരം സംഘടിപ്പിച്ചിട്ടുണ്ട്. ഈ പ്രശ്നങ്ങൾ അടിയന്തിരമായി പരിഹരിക്കുന്നതിന് ഗവൺമെന്റ് ആവശ്യമായ തീരുമാനങ്ങൾ എടുക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ബാബു ദിവാകരൻ): സർ, തോട്ടം മേഖലയിൽ, ചില തോട്ടം വിളകളുടെ വിലക്കുറവുമൂലം പ്രതിസന്ധികൾ ഉണ്ടായിട്ടുണ്ട്; അതോടനുബന്ധിച്ച് ചില തോട്ടങ്ങൾ അടഞ്ഞു കിടക്കുന്നതായിട്ടുള്ള പ്രശ്നങ്ങളുമുണ്ട്. അത് പരിഹരിക്കുന്നതിന് ഗവൺമെന്റ് ആത്മാർത്ഥമായി ശ്രമിക്കുകയാണ്. ചർച്ചയിലൂടെതന്നെ ആറേഴു തോട്ടങ്ങൾ തുറന്നുപ്രവർത്തിക്കാനുള്ള

LIBRARY ARCHIVES Kerala Legislative Assembly